# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 594 30.06.2016 -ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലവിതാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനം താഴ്ന്നതായ കണക്കുകൾ പുറത്ത് വരുന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ഭൂജലവകുപ്പ് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള നിരീക്ഷണ കിണറുകളിൽ നിന്നും ജലവിതാനം നിശ്ചിത ഇടവേളകളിൽ രേഖപ്പെടുത്തി പഠനങ്ങൾ നടത്തിവരുന്നുണ്ട്. ഈ പഠനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഭൂജലവിതാനം ക്രമാതീതമായി താഴ്ന്നതായി കാണുന്നില്ല. എന്നാൽ വേനൽകാലങ്ങളിൽ ജലവിതാനം താഴുകയും മൺസൂൺ കാലങ്ങളിൽ ജലവിതാനം ഉയരുന്നതായും ആണ് പൊതുവിൽ കാണപ്പെടുന്നത്. എന്നാൽ ചില ഭാഗങ്ങളിൽ ഭൂജലത്തിന്റെ അമിതമായ ഉപയോഗം നിമിത്തം ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഭൂമിയിലേക്ക് ഊർന്നിറങ്ങുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി നദികൾക്ക് കുറുകെ തടയണകൾ നിർമ്മിക്കുക എന്ന ആശയം കൂടുതൽ വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>സി) പരമ്പരാഗത ജലസ്രോതസ്സുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലുള്ളവയുടെഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുന്ന പദ്ധതി വിഭാവനം ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | ബി) യും സി) നദികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുന്നത് വഴി മണ്ണിലേയ്ക്ക് കൂടുതൽ ജലം ആഴ്ന്നിറങ്ങുന്നതിന് സഹായിക്കുന്നു. ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ നിർമ്മിക്കുന്നുണ്ട്.<br>ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവശ്യമെന്നു കാണുന്ന എല്ലാ നടപടികളും സർക്കാർ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ